24020058

**QP CODE: 24020058**

**Reg No : ....................**

**Name : ....................**

## B.A DEGREE (CBCS) REGULAR / IMPROVEMENT / REAPPEARANCE EXAMINATIONS, MAY 2024

### Second Semester

B.A Malayalam Language and Literature Model I

### Complementary Course - ML2CMT03 - ആധുനിക ലോക കവിത

2017 ADMISSION ONWARDS

8E613C3C

Time: 3 Hours | Max. Marks : 80

*Instructions to Private candidates only: This question paper contains two sections. Answer SECTION I questions in the answer-book provided. SECTION II, Internal examination questions must be answered in the question paper itself. Follow the detailed instructions given under SECTION II*

**പാർട്ട് എ**

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.*

1. 'ഉയരെപ്പറന്നവൻ നൊണ്ടിയായ് ചമഞ്ഞപ്പോൾ
മുടന്തിക്കാട്ടിക്കളിയാക്കുകയാണിങ്ങന്യൻ' - വിവക്ഷിതം വിശദമാക്കുക.
2. ‘അറിയുന്നു ഞാൻ, നീ നിൻ മുറിയിലൊറ്റയ്ക്കാണ് ’ – മരിയ റിൽക്കെയുടെ ഈ കണ്ടെത്തൽ ആരെക്കുറിച്ചാണ്?
3. ‘സാധാരണത്വത്തിലേക്കു മടങ്ങുന്നു, ഒരു ടാക്സീസ്റ്റാന്റിലേക്കെന്നപോലെ’ – വിവക്ഷിതം വിശദമാക്കുക.
4. ‘കാടുകൾ എന്ന വാക്കിൽനിന്നു മുളച്ച ചെടികളെ പകുത്തുമാറ്റുന്നു’ – ആശയതലം പരിശോധിക്കുക.
5. ‘ഇത്രനാളീയുടലിൽക്കഴിഞ്ഞ, അത്രയും പൊറുതിയോടെ’ – സന്ദർഭവും ആശയവും വിശദമാക്കുക.
6. 'ഇതാ ഇവിടെ, ഒപ്പിട്ടു ഞാൻ, അത്രമേൽ അസ്വസ്ഥയായ് ' – കവയിത്രിയുടെ അസ്വസ്ഥയ്ക്കുള്ള കാരണമെന്ത് ?
7. 'ദൈവം നിനക്ക് ശ്വസിക്കാൻ കരുത്തു തരട്ടെ
ദൈവം നിനക്ക് നിന്റമ്മേടെ ശവമടക്കിനു കരുത്തു തരട്ടെ' – സന്ദർഭവും ആശയവും വിശദമാക്കുക.

8. 'ഞങ്ങൾതന്നെയാണ് വീണ്ടുകിട്ടിയ ജീവിതത്തിന്റെ പ്രതീക്ഷ' – സന്ദർഭവും ആശയവും വിശകലനംചെയ്യുക.

9. 'ഇതെഴുതുന്നതിനുപുറമേ ഞാൻ  ഈ ലോകത്തിന്റെ കേന്ദ്രമാണ് എന്നു പറയുന്ന ആ മൃഗത്തെയാണ് ' തനിക്കൊരിക്കലും മനസ്സിലാവാത്തത് എന്ന് കവി പറയുന്നതെന്തുകൊണ്ട്?

10. 'ചുരുട്ടിവെക്കാൻ എന്റെ ഹൃദയം കപ്പൽപ്പായയോ മേഘങ്ങളോ അല്ല എന്റെ ഹൃദയം ഒരു ഭ്രമണപഥമാണ് '– സന്ദർഭം വിശദമാക്കുക.

11. 'ധനികേ നിനക്കിഷ്ടമുള്ളേടം തിരയുക-
സമയമാകുന്നേരം ഞാനുമേ വന്നെത്തീടും' – ആരുടെ വാക്കുകൾ? വിവക്ഷിതമെന്ത്?

12. 'അതിനാലല്ലോ ഒറ്റപ്പെട്ടു ഞാൻ മനുഷ്യരേ
നിങ്ങളെ വെറു,ത്തന്നങ്ങനെ നിലകൊൾവൂ' – വിവക്ഷിതം വിശദമാക്കുക.

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.*

13. 'കണ്ടുമുട്ടൽ' എന്ന കവിതയുടെ പ്രമേയപരിസരം ചർച്ചചെയ്യുക.

14. 'സ്വാർത്ഥികൾ ഈ മരിച്ചവർ' എന്നു ഗോൺസാലസ് പറയുന്നതെന്തുകൊണ്ട്?

15. റ്റൊമാസ് ട്രാൻസ്ട്രോമറുടെ കവിതകളുടെ സവിശേഷതകൾ 'ഇണകൾ' എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക.

16. 'ഒരു വെളുത്ത കല്ലിനു മുകളിലെ കറുത്ത കല്ല്'' എന്ന കവിത അടിച്ചമർത്തപ്പെട്ടവന്റെ മരണമൊഴിയായി മാറുന്നുണ്ടോ? വിലയിരുത്തുക.

17. 'നിന്റെ ഭൂമിതന്നെ എന്റെ ഭൂമി, എല്ലാ കാലുകളും അതിന്മേൽ ചവിട്ടിനടക്കുന്നു'-  ആശയപരിസരം ചർച്ചചെയ്യുക.

18. വൈകാരികതയുടെ തലം സോയിങ്കയുടെ 'രാത്രി' എന്ന കവിതയിൽ പ്രകടമാകുന്നതെങ്ങനെ?

19. യുദ്ധാനുഭവത്തിന്റെ രാഷ്ട്രീയമാനം 'എന്റെ അമ്മയോട് ' എന്ന കവിതയിൽ പ്രകടമാകുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

20. 'മടങ്ങിപ്പോകാനാകാതെ വിതുമ്പിയ
എന്റെ ഇളയ സഹോദരനെ ആശ്വസിപ്പിച്ചുകൊണ്ട്
രാത്രി പിറുപിറുത്തുതീർക്കുകയായിരുന്നു ഞാൻ' -സന്ദർഭവും ആശയവും വിശകലനംചെയ്യുക.

21. കൊളോണിയലിസം രൂപപ്പെടുത്തിയ ആഫ്രിക്കൻ ആധുനികകവിതയെക്കുറിച്ച് വിവരിക്കുക.

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. തികച്ചും വൈയക്തികമായ അനുഭവത്തെ പ്രകൃതിയുടെ പശ്ചാത്തലത്തിൽ ആവിഷ്കരിക്കുന്ന കവിതയാണ് 'സ്മരണ' – സമർത്ഥിക്കുക.

23. യൂറോപ്യൻ വിപ്ലവത്തോടുള്ള പ്രതികരണമായി വിറ്റ്മാന്റെ 'യൂറോപ്പ് 'എന്ന കവിത മാറുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

24. കറുപ്പിന്റെ സൌന്ദര്യാത്മകതലങ്ങളെ അടയാളപ്പെടുത്തുന്ന കവിതയാണ് ‘കറുമ്പി ’ – ചർച്ചചെയ്യുക.

25. ആധുനികലോകകവിതയുടെ സവിശേഷതകൾ പാഠഭാഗത്തെ കവിതകളെ മുൻനിർത്തി വിശകലനംചെയ്യുക.

(2×15=30)